**ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(ഹാജർ : നജീബ് എച്ച്.)**

<u>സംഗ്രഹം</u>

വിഷയം:- ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം-ഗ്രാമവികസന വകുപ്പിൽ 31/12/2021 വരെ നിയമിതരായിട്ടുള്ള ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നം. 2042/എസ്റ്റാ. ഡി 4/2017/സിആർഡി തീയതി:30/05/2022**

പരാമർശം:
1. ഈ ഓഫീസിലെ 25.03.2022 തീയതിയിലെ 3354/എസ്റ്റാഡി4/2017 നമ്പർ നടപടി ക്രമം
2. ഈ ഓഫീസിലെ 08.10.2018 തീയതിയിലെ 3354/എസ്റ്റാഡി4/2017 നമ്പർ നടപടി ക്രമം
3. 15.03.2022-ലെ മലപ്പുറം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജന)-ന്റെ ആർ.ഡി1/825/2022 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

ഗ്രാമവികസന വകുപ്പിൽ 31.12.2021 വരെ നിയമിതരായിട്ടുള്ള ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാരുടെ കരട് സീനിയോറിറ്റിപ്പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയതിൽ ലഭിച്ച ആക്ഷേപങ്ങൾ പരിശോധിക്കുകയും ആയതിൽ അർഹമായവ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.മേൽ സാഹചര്യത്തിൽ 31/12/2021 വരെയുള്ള ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാരുടെ അന്തിമ സീനിയോറിറ്റിപ്പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് പ്രസിദ്ധീകരിക്കുന്നു.

പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ശ്രീ.ജിലീഷ്.എ 17.10.2017 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയും ബഹു.മലപ്പുറം ജില്ലാകളക്ടറുടെ 18.06.2019 തീയതിയിലെ ആർ.ഡി1/3476/12 നമ്പർ ഉത്തരവ് പ്രകാരം 17.10.2017 മുതൽ നിയമനം ക്രമീകരിച്ച് ഉത്തരവായിരുന്നു. പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ 16.08.2019 തീയതി എ-5211/2017 നമ്പർ ഉത്തരവ് പ്രകാരം 16.08.2019 അപരാഹ്നത്തിൽ ടിയാനെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു. 17.08.2019 തീയതിയിൽ ആരോഗ്യവകുപ്പിൽ ക്ലർക്ക് ടൈപ്പിസ്റ്റ് ആയി ജോലിയിൽ പ്രവേശിക്കുകയും എ 2/14555/2016 ഉത്തരവ് പ്രകാരം 20.06.2020 നിയമനം ക്രമീകരിച്ച്

ഉത്തരവായിട്ടുണ്ട്. ഉചിത മാർഗ്ഗേന മാതൃവകുപ്പിലേക്ക് തിരിച്ചുവരുന്നതിനുള്ള അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ വേങ്ങര ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ എൽ.ഡി ടൈപ്പിസ്റ്റായി നിയമനം ലഭിക്കുകയും ചെയ്തു. സൂചന (2) ലെ സീനിയോറിറ്റി ഉത്തരവ് പ്രകാരം ടിയാന്റെ സീനിയോറിറ്റി നമ്പർ 98 ആയിരുന്നു. ആയത് പുനഃസ്ഥാപിക്കണമെന്ന് സൂചന (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ആയതിനാൽ എൽ.ഡി ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നം 102 ആയ ശ്രീമതി സുമാമണി എൽ. ന് മുകളിലായി സീനിയോറിറ്റി നം .98 ആയി ശ്രീ.ജിലീഷ്.എ -യുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവാകുന്നു.

SENIOR ADMINISTRATIVE OFFICER

പകർപ്പ് :

1. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
2. എല്ലാ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്കും
3. എല്ലാ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കും
4. ഇ.റ്റി.സി. കൊട്ടാരക്കര/തളിപ്പറമ്പ്/മണ്ണുത്തി
5. ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
6. എസി & എഡി സെക്ഷൻ, സിആർഡി
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി